**പതിമൂന്നാം കേരള നിയമസഭ**
**10-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2181 — 22/01/2014 ൽ മറുപടിയ്ക്ക്

**മൊബൈൽ ടവറുകളുടെ നിയന്ത്രണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>" ജി.എസ്. ജയലാൽ<br>" വി. ശശി<br>" പി. തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും-സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) മൊബൈൽ ടവറുകൾ ഗുരുതരമായ പൊതുജനാരോഗ്യപ്രശ്നങ്ങൾ ഉയർത്തുമെന്ന കാര്യം പരിഗണിച്ച് അവയിൻമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ നിർദ്ദേശങ്ങൾ ഏതെങ്കിലും സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) മൊബൈൽ ടവറുകൾ ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉയർത്തുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. പരിസ്ഥിതി വകുപ്പിന് ഇതുസംബന്ധമായ നിർദ്ദേശങ്ങൾ ഇതേവരെ ലഭിച്ചിട്ടില്ല. മൊബൈൽ ടവർ നിർമ്മാണം, പ്രവർത്തനം തുടങ്ങിയവയുടെ മേൽനോട്ടം കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് (DoT) ന് കീഴിലുള്ള Telecom Enforcement Resources & Monitoring Cell (TERM) ആണ് നിർവഹിക്കുന്നത്. |
| (സി) 2400 മെഗാ ഹെട്സ് ശേഷിയുള്ള 4 ജി മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) 4 ജി മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടില്ല എന്ന് വിവരസാങ്കേതിക വിദ്യാ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ